## സാമൂഹ്യനീതി ഡയറക്ടറുടെ നടപടി ക്രമങ്ങൾ
(ഹാജർ: ജാഫർ മലിക് IAS)

ഉത്തരവ് നം. G3-4320/19

തിരുവനന്തപുരം,
തീയതി. 7.6.19

==========================================================================

വിഷയം : സാമൂഹ്യനീതി വകുപ്പ് - ഡയറക്ടറേറ്റ് - വയോമധുരം പദ്ധതി 2019-20 ഗ്ലൂക്കോമീറ്റർ വിതരണം KMSCL-ന് അനുമതി നൽകി ഉത്തരവാകുന്നത് സംബന്ധിച്ച്.

പരാമർശം: 1) സർക്കാരിന്റെ 23.07.2018-ലെ 444/2018-SJD നം. ഉത്തരവ്.
2) സാമൂഹ്യനീതി ഡയറക്ടറും കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡും തമ്മിലുള്ള 09.11.2018-ലെ ധാരണാപത്രം.
3) 20.5.19 ലെ സ.ഉ (സാധാ )നം 246/2019 SJD

സംസ്ഥാനത്തെ 60 വയസ്സ് കഴിഞ്ഞ BPL വിഭാഗത്തിൽപ്പെട്ട മുതിർന്ന പൗരൻമാരിൽ പ്രമേഹ രോഗത്തോടനുബന്ധിച്ച് രക്തത്തിൽ ഗ്ലൂക്കോസിന്റെ അളവ് നിർണ്ണയിക്കുന്ന ഗ്ലൂക്കോമീറ്റർ എന്ന ഉപകരണം സൗജന്യമായി ജില്ലകളിൽ 1000 പേർക്ക് വീതം വിതരണം ചെയ്യുന്ന വയോമധുരം പദ്ധതിക്ക് പരാമർശം (1) പ്രകാരം സർക്കാർ ഭരണാനുമതി നൽകുകയും സർക്കാർ അംഗീകൃത മെഡിക്കൽ ഉപകരണങ്ങളുടെ വിതരണ ഏജൻസിയായ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേന 14 ജില്ലകളിലും 1000 ഗ്ലൂക്കോമീറ്റർ ക്രമത്തിൽ 2018-19 സാമ്പത്തിക വർഷത്തിൽ ജില്ലാ സാമൂഹ്യനീതി ഓഫീസുകൾ മുഖേന അർഹരായ ഗുണഭോക്താക്കൾക്ക് വിതരണം നടത്തി നടപടികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

എന്നാൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ഗ്ലൂക്കോമീറ്ററുകൾ ആവശ്യപ്പെട്ടുകൊണ്ടുള്ള ധാരാളം അപേക്ഷകൾ ഇനിയും ബാക്കിയുള്ളതായി ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ റിപ്പോർട്ട് ചെയ്തിട്ടുള്ളതിന്റെ അടിസ്ഥാനത്തിലും പരാമർശം (3) പ്രകാരം 2019-20 വർഷം സായംപ്രഭ ശീർഷകത്തിൽ ഗ്രീൻബുക്കിൽ ഉൾപ്പെടുത്തി വയോമധുരം പദ്ധതി നടപ്പാക്കുന്നതിന് സർക്കാർ അനുമതി നല്കിയിട്ടുള്ളതിനാലും 2019-20 വർഷം ടി പദ്ധതി പ്രകാരം ഗ്ലൂക്കോമീറ്റർ വിതരണം നടത്തുവാൻ സാമൂഹ്യനീതി വകുപ്പ് തീരുമാനിച്ചിരിക്കുന്നു.

പരാമർശം (2)ലെ ധാരണാപത്രം പ്രകാരം ഒരു ഗ്ലൂക്കോമീറ്ററിന്റെ വില വിവിധ നികുതികൾ ഉൾപ്പെടെ 385/- രൂപ ക്രമത്തിൽ (25 Strips ഉൾപ്പെടെ) 2019-20 വർഷത്തിലും സാമൂഹ്യനീതി ഡയറക്ടറുടെ നിർദ്ദേശാനുസരണം ആവശ്യമായ ഗ്ലൂക്കോമീറ്റർ വിതരണം ചെയ്യുവാൻ KMSCL സമ്മതിച്ചിട്ടുള്ളതാണ്.

ഈ സാഹചര്യത്തിൽ ജില്ലകളിൽ ഗ്ലൂക്കോമീറ്റർ വിതരണത്തിനായി 2018-19 വർഷത്തിൽ ലഭ്യമായിരുന്ന അർഹതയുള്ള ബാക്കിയുള്ള അപേക്ഷകൾ പരിഗണിച്ചും കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡുമായുള്ള നിലവിലുള്ള ധാരണാപത്രത്തിലെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിലും BPLവിഭാഗത്തിൽപ്പെട്ട 60 വയസ്സ് കഴിഞ്ഞ പ്രമേഹരോഗബാധിതരായ ഗുണഭോക്താക്കൾക്ക് വിവിധ ജില്ലകളിലായി 18200 ഗ്ലൂക്കോമീറ്റർ സൗജന്യമായി വിതരണം ചെയ്യുന്ന വയോമധുരം പദ്ധതി 2019-20 സാമ്പത്തിക വർഷവും തുടർന്ന് നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ജില്ലകളിൽ നിന്നും ലഭ്യമായ അപേക്ഷകളുടെ അടിസ്ഥാനത്തിൽ താഴെകാണുന്ന പട്ടിക പ്രകാരം ജില്ലാ സാമൂഹ്യനീതി ഓഫീസുകളിൽ രണ്ട് ഘട്ടമായി ഗ്ലൂക്കോമീറ്റർ വിതരണം ചെയ്യുന്നതിന് KMSCLനടപടി സ്വീകരിക്കേണ്ടതാണ്.

AN

| SI NO | NAME OF THE DISTRICT | NO OF GLUCCOMETERS ASSIGNED TO BE DISTRIBUTED IN 1ST PHASE | NO OF GLUCCOMETERS ASSIGNED TO BE DISTRIBUTED IN 2ND PHASE | TOTAL NO OF GLUCCOMETERS TO BE DISTRIBUTED IN 2019-20 |
|---|---|---|---|---|
| 1. | THIRUVANANTHAPURAM | 1000 | 1000 | 2000 |
| 2. | KOLLAM | 700 | 467 | 1167 |
| 3. | ALAPPUZHA | 1100 | 1177 | 2277 |
| 4. | ERNAKULAM | 1000 | 1000 | 2000 |
| 5. | KOTTAYAM | 800 | 806 | 1606 |
| 6. | IDUKKI | 800 | 860 | 1660 |
| 7. | PATHANAMTHITTA | 696 | - | 696 |
| 8. | PALAKKAD | 750 | 750 | 1500 |
| 9. | THRISSUR | 750 | 750 | 1500 |
| 10. | MALAPPURAM | 1000 | 1000 | 2000 |
| 11. | KOZHIKKODE | 973 | - | 973 |
| 12. | WAYANAD | - | - | - |
| 13. | KANNUR | 444 | - | 444 |
| 14. | KASARGODE | 377 | - | 377 |
| | TOTAL | 10390 | 7810 | 18200 |

TOTAL AMOUNT REQUIRED =70,07,000/- (385*18200)

(എഴുപത് ലക്ഷത്തി ഏഴായിരം രൂപ മാത്രം)

ആദ്യഘട്ട ഗ്ലൂക്കോമീറ്റർ വിതരണത്തിന്റെ ഭാഗമായി പട്ടിക പ്രകാരം ഉള്ള ഗ്ലൂക്കോമീറ്ററുകൾ 2019 ആഗസ്റ്റ് മാസം 15 തീയതിക്കുള്ളിലും രണ്ടാം ഘട്ട വിതരണത്തിനുള്ള

AN

ഗ്ലൂക്കോമീറ്ററുകൾ 2019 ഡിസംബർ മാസം 15 തീയതിക്കുള്ളിലും അതാത് ജില്ലാ സാമൂഹ്യനീതിഓഫീസുകളിൽ ലഭ്യമാക്കുവാൻ KMSCL നടപടി സ്വീകരിക്കേണ്ടതാണ്.

ഗ്ലൂക്കോമീറ്ററിന്റെ ORIGINAL INVOICE ജില്ലാ സാമൂഹ്യനീതി ഓഫീസർ മുഖാന്തിരം ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്. ഗ്ലൂക്കോമീറ്റർ ഉപയോഗിക്കുന്ന വിധത്തെ സംബന്ധിച്ചുള്ള ബോധവത്കരണം ജില്ലാതലത്തിൽ ഗ്ലൂക്കോമീറ്റർ വിതരണത്തോടനുബന്ധിച്ച് KMSCL ഗുണഭോക്താക്കൾക്ക് നല്കേണ്ടതാണ്.

പ്രസ്തുത പദ്ധതി ഈ സാമ്പത്തിക വർഷം നടപ്പിലാക്കുന്നതിനായി KMSCL സാമൂഹ്യ നീതി ഡയറക്ടറുമായി ധാരണാപത്രം ഒപ്പുവയ്ക്കേണ്ടതും തുടർ നടപടി സ്വീകരിക്കേണ്ടതുമാണ്. ആയതിനാവശ്യമായ തുകയായ **Rs.70,07,000/-** (Rs.385*18200) **(എഴുപത് ലക്ഷത്തി ഏഴായിരം രൂപ മാത്രം)** നടപ്പുസാമ്പത്തിക വർഷത്തെ 2235-02-104-82(P) ൽ നിന്നും വഹിക്കാവുന്നതാണ്.

ഗ്ലൂക്കോമീറ്ററുകൾ അടങ്ങിയ കിറ്റുകൾ ബന്ധപ്പെട്ട കാര്യാലയങ്ങളിൽ തൃപ്തികരമായി ലഭിച്ചുവെന്ന് ഉറപ്പാക്കി 15 ദിവസത്തിനകം ഈ കാര്യാലയത്തിൽ നിന്നും കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനു തുക കൈമാറുന്നതാണ്.

(ഒപ്പ്)

**സാമൂഹ്യനീതി ഡയറക്ടർ**

**ജനറൽ മാനേജർ,**
കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ്,
തിരുവനന്തപുരം.

<u>പകർപ്പ്:</u>

1. Sr ഫിനാൻസ് ഓഫീസർ
2. സൂപ്രണ്ട് എ സെക്ഷൻ
3. സൂപ്രണ്ട് ബിൽ സെക്ഷൻ
4. സൂപ്രണ്ട് പ്ലാനിംഗ് സെൽ
5. എല്ലാ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്കും
6. സ്റ്റോക്ക് ഫയൽ/സ്പെയർ.
7. WEBSITE

**ഉത്തരവിൻ പ്രകാരം**

സൂപ്രണ്ട്

AN